**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 9 | 28.01.2019 ൽ മറുപടിയ്ക്ക് |
|---|---|
| **വനിത മതിലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ചെലവും** | |
| ചോദ്യം | മറുപടി |
| **ശ്രീ.റോജി എം. ജോൺ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) 2019 ജനുവരി ഒന്നിന് സംഘടിപ്പിച്ച വനിത മതിലിൽ ആളുകളെ പങ്കെടുപ്പിക്കുന്നതിന് സംസ്ഥാന വ്യാപകമായി വിവിധ വകുപ്പുകൾ പ്രചരണവും പ്രവർത്തനങ്ങളും നടത്തിയിരുന്നോ; | (എ) വനിതാമതിൽ രൂപപ്പെടുത്തിയത് നവോത്ഥാന മൂല്യ സംരക്ഷണ സമിതിയുടെ നേതൃത്വത്തിലായിരുന്നു. ഭരണഘടന ഉറപ്പുനൽകുന്ന ലിംഗസമത്വം എന്ന ആശയം വനിതാമതിലിന്റെ മുദ്രാവാക്യമായതിനാൽ സർക്കാരിന്റെ പിന്തുണ ഉറപ്പാക്കിയിരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത പ്രചരണവും പ്രവർത്തനവും സംഘടിപ്പിക്കുവാൻ സർക്കാർ വകുപ്പുകൾക്കുണ്ടായ ചെലവിനായുള്ള പണം എപ്രകാരമാണ് കണ്ടെത്തിയത്; | (ബി) യും (സി) യും വനിതാമതിലിന്റെ പ്രചരണത്തിന് സർക്കാർ വകുപ്പുകൾ പണം ചെലവഴിച്ചിട്ടില്ല. |
| (സി) ഇക്കാര്യത്തിൽ ഏതൊക്കെ വകുപ്പുകളുടെ സേവനമാണ് സർക്കാർ ഉപയോഗപ്പെടുത്തിയതെന്ന് അറിയിക്കാമോ; | |
| (ഡി) വനിത മതിൽ വിജയിപ്പിക്കുവാൻ വിവിധ ജില്ലാ കളക്ടർമാർ വിളിച്ച് ചേർത്ത യോഗങ്ങൾക്ക് ഉണ്ടായ ചെലവ് എത്രയാണെന്ന് വിശദമാക്കാമോ? | (ഡി) പണച്ചെലവുള്ള യോഗങ്ങൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ